**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 452** **08-07-2024 - ൽ മറുപടിയ്ക്ക്**

**ലക്ഷ്യ സർട്ടിഫിക്കേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ആശുപത്രികളാണ് ദേശീയ ഗുണനിലവാര അംഗീകാരമായ 'ലക്ഷ്യ' സർട്ടിഫിക്കേഷന് അർഹത നേടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നാളിതുവരെ കേരളത്തിൽ 3 മെഡിക്കൽ കോളേജുകൾ, 7 ജില്ലാ ആശുപത്രികൾ, 1 താലൂക്കാശുപത്രി ഉൾപ്പെടെ 11 ആശുപത്രികൾക്കാണ് ലക്ഷ്യ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ളത്. ആയവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. ഗവ.മെഡിക്കൽ കോളേജ്, കോട്ടയം, കോട്ടയം ജില്ല.<br>2. ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്, കോഴിക്കോട് ജില്ല.<br>3. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം ജില്ല.<br>4. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ, കൊല്ലം ജില്ല.<br>5. ജനറൽ ആശുപത്രി, എറണാകുളം, എറണാകുളം ജില്ല.<br>6. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട്, കോഴിക്കോട് ജില്ല.<br>7. ജനറൽ ആശുപത്രി, കോഴിക്കോട്, കോഴിക്കോട് ജില്ല.<br>8. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട് ജില്ല<br>9. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ടുപറമ്പ, കണ്ണൂർ ജില്ല.<br>10. ജില്ലാ ആശുപത്രി, മാവേലിക്കര, ആലപ്പുഴ ജില്ല. |

| | | | |
|---|---|---|---|
| | | | 11. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി, മലപ്പുറം ജില്ല. |
| (ബി) | പ്രസവ ശുശ്രൂഷകൾ നടത്തുന്ന ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഇതിനെ കാണാൻ കഴിയുമോ; | (ബി) | പ്രസവ ശുശ്രൂഷകൾ നടത്തുന്ന ആശുപത്രികളെ ദേശീയ ഗുണനിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഇതിനെ കാണാൻ കഴിയും. |
| (സി) | 'ലക്ഷ്യ' സർട്ടിഫിക്കേഷനുള്ള നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ എന്തെല്ലാം അത്യാധുനിക സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (സി) | 'ലക്ഷ്യ' മാർഗനിർദ്ദേശമനുസരിച്ച് ലേബർ റൂം അനുബന്ധ സേവനങ്ങളും ലേബർ-ഡെലിവറി-റിക്കവറി (LDR Concept) അനുസരിച്ചാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ New Born Care Corner ഉറപ്പുവരുത്തിയിട്ടുണ്ട്.<br><br>എല്ലാ ഗർഭിണികൾക്കും Respectful Maternity Care & Privacy നൽകുന്നതിനായി ലേബർ റൂമിൽ പ്രത്യേകം ക്യൂബിക്കുകൾ നിർമ്മിച്ച് അവരുടെ സ്വകാര്യത ഉറപ്പാക്കി സുരക്ഷിത പരിചരണ അന്തരീക്ഷം ഉറപ്പാക്കുന്നു.<br><br>ലേബർ റൂം, ഓപ്പറേഷൻ തിയേറ്റർ, SNCU എന്നിവ ഒരേ ബ്ലോക്കിൽ സജ്ജീകരിച്ച് ലേബർ റൂമിലും, ഓപ്പറേഷൻ തിയേറ്ററിലും ആവശ്യമായ ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്.<br><br>രോഗികൾക്ക് മെച്ചപ്പെട്ട ശുശ്രൂഷ നൽകുന്നതിനു വേണ്ടി മതിയായ മനുഷ്യ വിഭവശേഷി പ്രദാനം ചെയ്യുന്നതോടൊപ്പം ആരോഗ്യ പ്രവർത്തകരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരുടെയും നൈപുണ്യം മനസ്സിലാക്കുന്നതിനുവേണ്ടിയുള്ള OSCE പരീക്ഷകളും നടത്തി വരുന്നു.<br><br>Evidence Based Protocol ഉണ്ടാക്കുകയും അവ എല്ലാ ജീവനക്കാരും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു.<br><br>കൃത്യമായ ഇടവേളകളിൽ ഓഡിറ്റുകൾ നടത്തി മികച്ച നിലവാരം ഉറപ്പാക്കുന്നു (CS Audit, Referral Audit, Perinatal Death Audit, Prescription Audit, etc.)<br><br>ആശുപത്രിയുടെ സേവന സംതൃപ്തി മനസ്സിലാക്കുന്നതിനു വേണ്ടി എല്ലാ മാസവും OPD, ലേബർ റൂം, വാർഡുകളിലെ രോഗികളിൽ നിന്നും വിവര ശേഖരണം (Patient Satisfaction Survey) നടത്തി വരുന്നു. രോഗികളുടെ വിലയേറിയ നിർദ്ദേശങ്ങൾ സ്വീകരിക്കുകയും അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ഡി) | 'അമ്മയ്ക്കൊരു കൂട്ട്' എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഗർഭിണികൾക്ക് പ്രസവ സമയത്ത് സഹായത്തിനും സാന്ത്വനത്തിനുമായി അവർ തന്നെ മുൻകൂട്ടി തെരഞ്ഞെടുത്ത ഒരു വ്യക്തിയുടെ സാമീപ്യം പ്രസവ സമയത്തുടനീളം ആശുപത്രിയിൽ ലഭ്യമാക്കുന്ന 'അമ്മയ്ക്കൊരു കൂട്ട്' (Birth Companion) 'ലക്ഷ്യ' പദ്ധതിയുടെ ഒരു ഘടകമാണ്. ഇത് പ്രോത്സാഹിപ്പിക്കുന്നതിനും പ്രസവ സമയത്തു ഗർഭിണികളുടെ ആത്മധൈര്യം കൂട്ടുന്നതിനും SAT ആശുപത്രിയിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.<br><br>ഒ.പി യിൽ പരിശോധനയ്ക്ക് വരുമ്പോൾ തന്നെ ഗർഭിണികൾക്ക് Antenatal Class ൽ Birth Companion നെ കുറിച്ച് വിശദീകരിക്കുകയും ഗർഭിണിക്ക് തന്നെ തന്നോടൊപ്പം നിൽക്കുന്ന ആളെ തെരഞ്ഞെടുക്കുകയും ചെയ്യാം. ആരോഗ്യ പ്രശ്നങ്ങളില്ലാത്തവരെ ആയിരിക്കണം തെരഞ്ഞെടുക്കേണ്ടത്. ഗർഭിണികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും അവരുടെ ആത്മ വിശ്വാസം വർധിപ്പിക്കുന്നതിനും ഉത്കണ്ഠ കുറയ്ക്കുന്നതിനും ഗർഭിണികളുടെ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും പ്രസവ ശേഷം ചെറിയ സഹായങ്ങൾ ചെയ്യുന്നതിനും, കുഞ്ഞിനെ മുലയൂട്ടിപ്പിക്കുന്നതിനും, പ്രസവ ശേഷം അമ്മയ്ക്കും കുഞ്ഞിനും ഉണ്ടാകുന്ന അപകട സൂചനകൾ മനസ്സിലാക്കി അറിയിക്കുന്നതിനും "അമ്മയ്ക്കൊരു കൂട്ട്" വളരെ പ്രയോജകരമാണ്. Patient Feedback Survey പ്രകാരം ഇത് വളരെ പ്രയോജനകരമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നതായി കാണുന്നു. |

സെക്ഷൻ ഓഫീസർ